# ഗവ എൽ പി എസ്

## എറിച്ചല്ലൂർ.പ്ലാമൂട്ടുക്കട പി ഒ

## പാറശ്ശാല ഉപജില്ല

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

Vision Mission Implementation



## സമർപ്പണം

സമ്പൂർണ്ണ ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്നപ്രകാരം എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരും ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2025-2026 അധ്യായന വർഷത്തേക്കുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. എറിച്ചല്ലൂർ ഗവൺമെൻറ് എൽപിഎസിലെ കുട്ടികളുടെയും മികവുകളും പരിമിതികളും പരിഗണിച്ചുകൊണ്ടും സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾക്കും പ്രാദേശിക സാധ്യതകൾ പരിഗണിച്ചുകൊണ്ടും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് കൃത്യമായ കാലാവധിയും നടത്തിപ്പു ചുമതലകളും അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സഹായിച്ച സിആർസി, എസ് ആർ ജി, എസ് എം സി, പിടിഎ എന്നിവർക്കും അദമ്യമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

ശാന്തിനി ശാന്തം
(എസ് ആർ. ജി കൺവീനർ)

ബിജുകുമാർ സി.എച്ച്
( ഹെഡ്മാസ്റ്റർ)

## ആമുഖം

ഗവൺമെൻറ് എൽ പി എസ് എറിച്ചല്ലൂറിൽ പഠിക്കുന്ന കുട്ടികൾ ഭൂരിഭാഗവും പിന്നക്ക ഗ്രാമപ്രദേശ മേഖലയിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ്. സമഗ്ര ശിക്ഷാ അഭിയാൻ വിഭാവനം ചെയ്തിട്ടുള്ള സമ്പൂർണ ഗുണമേന്മ വിദ്യാഭ്യാസം നമ്മുടെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കേണ്ടതിന് ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ശേഷികളും അറിവുകളും നേടുന്നതിന് ഉപയുക്തമാകുന്ന രീതിയിൽ 2025-26 അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. വ്യത്യസ്ത നിലവാരക്കാരായ കുട്ടികളാണ് ഈ സ്കൂളിലുള്ളത്. അവരെ എല്ലാവരെയും പരിഗണിച്ചുകൊണ്ടും അവരുടെ മികവുകളെയും പരിമിതികളെയും ഉൾക്കൊണ്ടുകൊണ്ടും ഓരോ കുട്ടിയെയും മലയാളത്തിലും ഇംഗ്ലീഷിലും അറബിയിലും മികച്ച വായനക്കാരും നല്ല എഴുത്തുകാരുമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിലെ പ്രവർത്തനങ്ങൾക്ക് കാലാവധിയും നടത്തിപ്പ ചുമതലകളും എസ്ആർജിയുടെയും ബന്ധപ്പെട്ട അധ്യാപകരുടെയും മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ഭാഷ,ശാസ്ത്രം, ഗണിതശാസ്ത്രം, വർക്ക് എക്സ്പീരിയൻസ്,ഫിസിക്കൽ എഡ്യൂക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ എല്ലാ ക്ലാസ്സിലുമുള്ള കുട്ടികളും മികച്ചവരായി മാറുന്നതിന് മതിയായ പ്രവർത്തനങ്ങളും , സുഗമമാക്കുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും ആയിട്ടുള്ള പ്രവർത്തനങ്ങളും ഏകോപിപ്പിച്ചിട്ടുണ്ട്. കൂടാതെ ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ കലാ കായിക മേളകളിൽ പങ്കാളിത്തം ഉറപ്പിക്കാനും ശ്രദ്ധ നൽകിയിട്ടുണ്ട്. സാമൂഹിക ആരോഗ്യ മൗലിക മൂല്യങ്ങൾ ഉൾക്കൊള്ളാനും നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാനും ദിനാചരണങ്ങൾ സമുചിതം ആഘോഷിക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കാലികമായ മാറ്റങ്ങളും പരിഷ്കാരങ്ങളും വിദ്യാഭ്യാസ വകുപ്പിൽ നിന്നും അതാത് കാലഘട്ടങ്ങളിൽ ലഭ്യമാകുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്താൻ പര്യാപ്തരായ രീതിയിൽ പ്രവർത്തന കാലാവധി സജ്ജീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ കണ്ടെത്തിയത് പ്രകാരം കുട്ടികൾ പിന്നോക്കം നിൽക്കുന്ന മേഖലകൾ മെച്ചപ്പെടുന്നതിന് ആവശ്യമായ രസകരമായ പ്രവർത്തനങ്ങൾ കുട്ടികൾക്ക് താല്പര്യപൂർവ്വം പങ്കെടുക്കാൻ ആവുന്ന രീതിയിൽ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| മലയാളം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ചുമതല | സാമ്പത്തികം/പിന്തുണ |
| വായനശേഷി വളർത്തൽ വായനാ പരിപോഷണം (റീഡേഴ്സ് തിയേറ്റർ) | വായനാദിനം വായന വാരാചരണം സംഘടിപ്പിക്കുന്ന വായന കളരി പ്രാദേശി എഴുത്തു മഴ എഴുത്തുകാരുമായി സംവാദംചിത്ര വായന ചിത്രം നോക്കി കഥ പറയാം ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി നവീകരണം,ഭാഷാ കളരി ഭാഷ പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കാൻ.മധുരം മലയാളം പ്രവർത്തനങ്ങൾ | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ | SRG,PTA |
| അടിസ്ഥാന ഭാഷാശേഷി വികസനം (അമ്മ പറയട്ടെ,പാട്ടരങ്ങ്) | പാട്ടരങ്ങ് സംഘാടനം,അമ്മമാർ കുട്ടികൾക്ക് കഥകൾ പറഞ്ഞു കൊടുക്കുകയും കുട്ടിക്കഥകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. | മാസത്തിൽ ഒന്ന് | ക്ലാസ്സ് 1&2 | ക്ലാസ്സ് ടീച്ചർ | SRG,PTA |
| എഴുത്ത് പരിപോഷണം | പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ,വായന കാർഡ് നിർമ്മാണം ചിത്രങ്ങൾക്ക് താഴെ കഥ സന്ദർഭം എഴുതി പൂർത്തിയാക്കൽ കയ്യെഴുത്ത് മാസിക ,കഥ പൂർത്തിയാക്കുക, ഡയറി എഴുത്ത് ,രചന പരിചയക്കുറിപ്പ് ,പതിപ്പ് തയ്യാറാക്കൽ,മധുരം മലയാളം പ്രവർത്തനങ്ങൾ | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ | SRG |
| ഓർക്കാം അഭിമാനിക്കാം (ദിനാചരണങ്ങൾ) | വ്യക്തി പരിചയം, പുസ്തക പരിചയം കൃതികൾ പരിചയം,ക്വിസ്, ചൊല്ലുകൾ പഴഞ്ചൊല്ലുകൾ,വായ്ത്താരികൾ,നാടൻ പാട്ടുകൾ സർഗ്ഗവേള ,ബാലസഭ എന്നിവയിൽ അവതരണം, പതിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| പഠനോത്സവം (ക്ലാസ് തലം & സ്കൂൾ തലം) | കുട്ടികളുടെ സർഗ്ഗശേഷികളും പഠന നേട്ടങ്ങളും അവതരിപ്പിക്കുന്നു. വായിച്ച കഥകളും കവിതകളും ഈണത്തിലും താളത്തിലും അവതരിപ്പിക്കുവാനുള്ള അവസരം,ചൊല്ലുകൾ പഴഞ്ചൊല്ലുകൾ,വായ്ത്താരികൾ,നാടൻ പാട്ടുകൾ, നാടകം എന്നിവ | ഫെബ്രുവരി | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |

| ശാസ്ത്രം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ചുമതല | സാമ്പത്തികം/ പിന്തുണ |
| (പ്രകൃതിയെ അറിയാൻ) പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുക | പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മാണം, പ്രകൃതി നടത്തം,വൃക്ഷത്തൈ നടൽ ,പരിസര നിരീക്ഷണം,പരിസരം വൃത്തിയാക്കൽ, ഫീൽഡ് ട്രിപ്പ് ,ഐസിടി സാധ്യതകളുടെ ഉപയോഗം | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | SRG,PTA | PTA |
| (രുചിക്കാം...രസിക്കാം... ലഭിക്കാം...)നല്ല ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെയും പ്രത്യേകതകൾ തിരിച്ചറിയും | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുന്നു.ഭക്ഷ്യ മേള സംഘടിപ്പിക്കുന്നു നാടൻ ഭക്ഷണങ്ങൾ നിർമ്മാണവും പ്രദർശനവും പാചകവും രുചി കുറിപ്പ് തയ്യാറാക്കലും. | ആഗസ്റ്റ് | എല്ലാ ക്ലാസ്സിലും | SRG,PTA | MPTA |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ, നിരീക്ഷണ ശീലം വളർത്തൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കുന്നു.ശാസ്ത്ര മൂല നിർമ്മാണം, പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു.ദിനാചരണങ്ങൾ ആചരിക്കുന്നു | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| ശുചിത്വബോധം; ശുചിത്വബോധമുള്ള വ്യക്തിയും സമൂഹവും സൃഷ്ടിക്കുക | ശുചിത്വബോധ ക്ലാസ്, പ്രതിജ്ഞ, ക്വിസ്, മലിനീകരണ പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം, പരിസരം വൃത്തിയാക്കൽ പ്രവർത്തനങ്ങൾ, | മാസത്തിൽ ഒന്ന് | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| ശാസ്ത്രോത്സവം, ശാസ്ത്രമേള പങ്കാളിത്തം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനവും പ്രയോഗവും ഐസിടി സാധ്യതകളുടെ പ്രയോഗം. ശാസ്ത്ര പതിപ്പ്,ശാസ്ത്ര മാസിക എന്നിവ നിർമ്മാണം. മേളകളിലെ പങ്കാളിത്തം ഉറപ്പാക്കൽ | നവംബർ മുതൽ ഫെബ്രുവരി വരെ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| നാടറിയാൻ നാടിനെ അറിയാൻ | കർഷകർ മുതിർന്നവർ, ശാസ്ത്ര പ്രതിഭകൾ, സ്ഥാപനങ്ങൾ എന്നിവരെ സന്ദർശിച്ച് ചർച്ചകൾ സംവാദം സംഘടിപ്പിക്കുന്നു.കൃഷിഭൂമി സന്ദർശനം | ജനവരി | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | PTA |
| ഗതാഗത മാർഗ്ഗങ്ങളെ കുറിച്ചും റോഡ് നിയമങ്ങളെകുറിച്ചും അറിയുന്നതിന് | ഗതാഗത മാർഗ്ഗങ്ങളെ കുറിച്ചും റോഡ് നിയമങ്ങളെകുറിച്ചുംഅറിയുന്നതിന് ബോധവത്കരണ ക്ലാസുകൾ ട്രാഫിക് നിയമങ്ങളെക്കുറിച്ചും റോഡുസുരക്ഷയ്ക്കായി നമ്മൾ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചും കുട്ടികൾക്ക് അറിവു പകരുന്നതിനായി സ്ഥലത്തെ പോലീസ് ഓഫീസറുടെ ക്ലാസ് . | ജൂൺ മാസം | എല്ലാ ക്ലാസ്സിലും | SRG | PTA |

## അറബിക്

| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ച◌ുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പ്രായത്തിന് അനുയോജ്യമായ വിധം അനായാസം അർത്ഥപൂർണ്ണമായി വായിക്കുവാനും എഴുതുവാനുമുള്ള ശേഷി നേടുക. | എല്ലാ കുട്ടികൾക്കും അറബി ഭാഷ കേൾക്കുവാനും അതിനനുസരിച്ച് പ്രതികരിക്കുവാനുമുള്ള കഴിവ് ഒരുക്കുന്നു. പാഠപുസ്തകവുമായി ബന്ധമുള്ള വർക്ക്ഷീറ്റുകൾ തയ്യാറാക്കി ഒഴിവു സമയങ്ങളിൽ വർക്ക് ഷീറ്റുകൾ പൂർത്തികരിക്കാൻ നൽകുന്നു. കൂടാതെ ചിത്രങ്ങളും ചാർട്ടുകളും ഉപയോഗിച്ച് ഉള്ള പ്രവർത്തനങ്ങൾ | ജ◌ൂൺ മ◌ുതൽ വർഷം മ◌ുഴുവൻ | എല്ലാ ക്ലാസ്സിലും | SRG,PTA | PTA |
| അറബി ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | അറബിക് അസംബ്ലി ,ICTസാധ്യതകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു.ക്ലാസ് ലൈബ്രറി സ്ക◌ൂൾ ലൈബ്രറി നവീകരണം | ജൂലൈ മാസം തൊട്ട് എല്ലാ മാസവും | എല്ലാ ക്ലാസ്സിലും | ടീച്ചർസ്,SRG | MPTA |
| അറബി ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | ക്ലാസ്സുകളിൽ ടീച്ചർ ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കുകയും കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ക്ലാസ്സിലും അസംബ്ലിയിലും അവർക്കു വായിക്കാനുള്ള സമയം അനുവദിക്കുന്നു.വായന കാർഡ് നിർമ്മാണം | ജ◌ൂൺ മ◌ുതൽ വർഷം മ◌ുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| കുട്ടികളിൽ സാഹിത്യാഭിരുചി വളരുന്ന തരത്തിൽ വിവിധ ആശയങ്ങൾ ആവിഷ്കരിക്കാനുള്ള കഴിവുകൾ നേടുന്നതിന് | പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിഗണന നൽകി അവർക്ക് ആവശ്യമായ പഠനരീതി കണ്ടെത്തുന്നു.അറബിയിൽ കത്ത്,ഡയറി എന്നിവ എഴുതിക്കുന്നു. | വർഷം മ◌ുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |

| ENGLISH | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ചുമതല | സാമ്പത്തികം/ പിന്തുണ |
| Listening/Learning<br>ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈദവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിലെത്തിക്കുക.<br>Reading<br>വായനയിലൂടെ അറിവ് സ്വംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ ശേഷി നേടുക ഇംഗ്ലീഷ് ഭാഷയിൽ മികച്ച വായനാശീലം വികസിപ്പിക്കുക<br>Writing<br>ഇംഗ്ലീഷ് ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.<br>Speaking<br>ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് പഠിക്കാനുമുള്ള കഴിവ് എല്ലാ കുട്ടിക ളിലും വികസിപ്പിക്കുക. | English Speeches, Conversations, Story, Rhymes, Drama ക്ലാസ്സ്റ്റും ആക്ടിവിറ്റിയുടെ ഭാഗമായി ഐ.സി.ഡി പ്രൊജക്ടർ ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ന്യൂസ് അസംബ്ലിയിൽ വായിക്കുന്നു.<br>സ്കൂൾ ലൈബ്രറിയിൽ നിന്നും English Short Stories, Picture Stories, Magazine കുട്ടികൾക്ക് നൽകുന്നു.<br>എല്ലാ ക്ലാസ്സിലും റീഡിംഗ് കോർണർ സജ്ജീകരിക്കുന്നു<br>സ്കൂളിൽ ഒരു വായനക്ലബ്ബ് രൂപീകരിക്കുന്നു.<br>അസംബ്ലിയിൽ വായനക്കാർഡുകൾ വായിക്കുന്നു.<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വായനാകാർഡുകൾ രൂപീകരിക്കുന്നു. കുട്ടികൾക്ക് നൽകുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്നും 1Stories, Outline story നൽകി സ്റ്റോറി വികസിപ്പിക്കുന്നു.<br>പദനിർമ്മാണം : ഒരു പദത്തിൽ നിന്നും അതിലെ ലറ്റേഴ്സ് ഉപയോഗിച്ച് പുതിയ പദങ്ങൾ നിർമ്മിക്കുന്നു.<br>Cross word: Englishപദപ്രശ്നങ്ങൾ പൂർത്തിയാക്കുന്നു.<br>അക്ഷരകാർഡ്: അക്ഷരങ്ങൾ ഉപയോഗിച്ച് കാർഡുകൾ നിർമ്മിക്കുന്നു.<br>ഡയറി: ഇംഗ്ലീഷിൽ ഡയറി എഴുതിക്കുന്നു.<br>ഇംഗ്ലീഷ് കഥാചിത്ര നിർമ്മാണം.<br>അക്ഷരകാർഡുകളിൽ അക്ഷരങ്ങൾ കളർചെയ്യാൻ നൽകുന്നു.<br>നേഴ്സറി റൈംസ് കേൾക്കാൻ അവസരം നൽകുന്നു.കൂടെ പാടിക്കുന്നു.<br>English Quotesപ്രദർശിപ്പിക്കുന്നു.<br>ടീച്ചറും കുട്ടികളും തമ്മിലുള്ള കമ്മ്യൂണിക്കേഷൻസ് ഇംഗ്ലീഷിൽ സജീവമാക്കുന്നു. | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ടീച്ചർസ്,SRG | PTA |
| E-Cube Activities | E-Cube Activities എല്ലാ ക്ലാസ്സിലുള്ള കുട്ടികൾക്കും നൽകുന്നു | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ടീച്ചർസ്,SRG | PTA |

## ഗണിതം

| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| എല്ലാ കുട്ടികളിലും സംഖ്യാബോധം വളർത്തൽ എണ്ണുന്നതിനും എഴുതുന്നതിനും സ്ഥാനവില തിരിച്ചറിഞ്ഞ് വായിക്കുന്നതിന് | സംഖ്യാ കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ.മഞ്ചാടി, ഈർക്കിൽ തുടങ്ങിയ മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാബോധം വളർത്തൽ. സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും.കൂട്ടങ്ങളാക്കൽ സ്ഥാനവിലയനുസരിച്ച് സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനും പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കൊപ്പം ഉല്ലാസഗണിതം പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ | PTA |
| അടിസ്ഥാന ക്രിയകൾ (ചതുഷ്ക്രിയകൾ) ഉറപ്പിക്കുന്നതിന് | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉറപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കാനും ഉപയോഗിക്കുന്നതിനും, ഐ.സിറ്റി സാധ്യതകൾ ഉൾപ്പെടുത്തുന്നു. ചിത്രങ്ങൾ, ശേഖരണം,സംഖ്യാ കാർഡുകൾ,പസിലുകൾ ഉപയോഗിച്ച് സങ്കലന വ്യവകലന ഗുണന ഹരണ ക്രിയകൾ ഉറപ്പിക്കൽ | വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ | MPTA |
| ഗണിത പഠനം ലളിതവും രസകരവുമാക്കൽ, | പഠനോപകരണങ്ങളുടെ നിർമ്മാണം, ഗണിതമൂല എന്നിവയുടെ ഉപയോഗം ഗണിത ലാബിന്റെ ഉപയോഗം, ഗണിത കിറ്റിന്റെ ഉപയോഗം എന്നിവ കാര്യക്ഷമമാക്കുന്നു.പസിലുകൾ,പാറ്റേണുകൾ, ഉല്ലാസഗണിതം പ്രവർത്തനങ്ങൾ നൽകുന്നു. | മാസത്തിൽ ഒന്ന് | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| രൂപങ്ങൾ തിരിച്ചറിയുന്നതിന്,വരയ്ക്കുന്നതിനും നിർമ്മിക്കുന്നതിനും | ത്രികോണം, വൃത്തം, ചതുരം, എന്നി പ്രധാന രൂപങ്ങൾ ഉൾപ്പെടുന്ന ബഹുരൂപ ചിത്രങ്ങൾക്ക് നിറം നൽകൽ, ചിത്രം വരയ്ക്കൽ, മാതൃക നിർമ്മാണം,രൂപങ്ങൾ കൊണ്ടുള്ള പാറ്റേണുകളുടെ രൂപീകരണം (ടാൻഗ്രാം) | നവംമ്പർ മുതൽ ഫെബ്രുവരി വരെ | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |
| സമയം കണ്ടെത്തുന്നതിന്,കലണ്ടർ പരിശോധിച്ച് വിവരങ്ങൾ കണ്ടെത്തുന്നതിനും | 12&24 മണിക്കൂർ ക്ലോക്ക് പരിചയപ്പെടുത്തുന്നു.സെക്കൻറ്, മിനിറ്റ്, മണിക്കൂർ, ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. തിരിച്ചറിയുന്നു.ക്ലോക്ക് നോക്കി സമയം തിരിച്ചറിയുന്നു.കളി ക്ലോക്കിന്റെ നിർമ്മാണം,കലണ്ടർ നോക്കി ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ എന്നിവ തിരിച്ചറിയുന്നു.കലണ്ടർ നിർമ്മാണം | ആഗസ്റ്റ് മുതൽ ആവശ്യാനുസരണം | എല്ലാ ക്ലാസ്സിലും | ക്ലാസ്സ് ടീച്ചർ,SRG | SRG,PTA |

| കലാകായിക പ്രവൃത്തി പരിചയം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ചുമതല | സാമ്പത്തികം/ പിന്തുണ |
| ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുവാൻ | വ്യായാമം, സൂംബ,യോഗ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന് | എല്ലാ ക്ലാസ്സിലും | ടീച്ചേർസ്,SRG. | PTA |
| സർഗാത്മകശേഷി വളർത്തുവാൻ | പാട്ട്, നാടകം, ചിത്ര രചനക്ലാസ്സുകൾ, സാഹിത്യ രചനകൾ, നൃത്തം അവതരണം | ആഴ്ചയിൽ ഒന്ന് | എല്ലാ ക്ലാസ്സിലും | ടീച്ചേർസ്,SRG. | PTA |
| പ്രവൃത്തി പരിചയ കൗതുക വസ്തുക്കളുടെ നിർമ്മാണം | കൗതുക വസ്തുക്കളുടെയും പഠന സാമഗ്രികളുടെയും നിർമ്മാണം,മേളകളിലെ പങ്കാളിത്തം | ആഴ്ചയിൽ ഒന്ന് | എല്ലാ ക്ലാസ്സിലും | ടീച്ചേർസ്,SRG. | PTA |

| പൊതു വിജ്ഞാനവും നാട്ടറിവുകളും | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | പ്രവർത്തന കാലാവധി | ക്ലാസ്സ് | ചുമതല | സാമ്പത്തികം/പിന്തുണ |
| പൊതു വിജ്ഞാനം നേടാനും പരീക്ഷകളിലും മത്സരങ്ങളിലും പങ്കെടുക്കുന്നതിനും | നോട്ടീസ് ബോർഡ് അസംബ്ലി എന്നിവയിലൂടെ ഒരു ദിവസം ഒരു ജി.കെ, ഒരു ചൊല്ല്,ഒരു അറിവ് എന്ന കളി നടത്തുന്നു | വർഷം മുഴുവൻ | എല്ലാ ക്ലാസ്സിലും | ടീച്ചേർസ്,SRG. | |
| തൊഴിൽ, തൊഴിൽശാല എന്നിവയെക്കുറിച്ച് അറിയുന്നതിന് | ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ച് തൊഴിൽശാല, കൃഷിയിടങ്ങൾ, ഫാക്ടറികൾ എന്നിവിടങ്ങൾ സന്ദർശിച്ച് നേരറിവുകൾ നേടാനുള്ള അവസരം ഒരുക്കുന്നു, വിവിധതരം തൊഴിലുപകരണങ്ങൾ പരിചയപ്പെടുന്നു. | ജനുവരി | എല്ലാ ക്ലാസ്സിലും | SRG,PTA | PTA |
| നാടറിയാം നാടിനെയറിയാം | സ്വന്തം സൃഷ്ടികൾ ,പഴഞ്ചൊല്ലുകൾ, വായ്ത്താരികൾ, നാടൻപാട്ടുകൾ തുടങ്ങിയവ സർഗ്ഗവേളയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | | | | |

| **ദിനാചരണങ്ങൾ** |
|---|

| ജ◌ൂൺ \| | ദിനത്തിന്റെ പ്രത്യേകത | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 05.06.2025<br>19.06.2025<br>26.06.2025 | ലോക പരിസ്ഥിതി ദിനം<br>വായനാ ദിനം<br>ലോകലഹരി വിരുദ്ധ ദിനം | സ്പെഷ്യൽ അസംബ്ലി, ചിത്ര രചന, ക്വിസ്, പതിപ്പ്,<br>പോസ്റ്റർ നിർമ്മാണം, പ്രതിജ്ഞ<br>ബോധവത്ക്കരണ ക്ലാസ്സ് വിദ്യാരംഗം ക്ലബ്<br>ഉദ്ഘാടനം. പുസ്തക പരിചയം ലൈബ്രറി<br>സന്ദർശനം, പുസ്തക പ്രദർശനം, ക്വിസ്<br>ലഹരിക്കെതിരെയുള്ള ബോധവൽക്കരണ<br>ക്ലാസ്സ്, പ്രതിജ്ഞ, പോസ്റ്റർ, സ്പെഷ്യൽ അസംബ്ലി | ടീച്ചേർസ്,SRG,PTA |
| 05.07.2025<br>2107320225<br>27.0732025 | ബഷീർ ചരമദിനം<br>ചാന്ദ്രദിനം<br>അബ്ദുൾകലാം ഓർമ്മദിനം | പുസ്തക പരിചയം, കഥ പറയൽ , നാടകാവതര<br>ണം, കഥാപാത്രങ്ങളെ പരിചയപ്പെടൽ, ബഷീർ<br>ഭാഷാ ശൈലി, ക്വിസ്<br>വീഡിയോ പ്രദർശനം, ക്വിസ്, നീൽ ആംസ്ട്രോങ്<br>പരിചയപ്പെടൽ, റോക്കറ്റ് നിർമ്മാണം, പോസ്റ്റർ<br>നിർമ്മാണം, പതിപ്പ്, റോക്കറ്റ് നിർമ്മാണം<br>പഠന യാത്ര<br>അബ്ദുൾ കലാമിനെ അനുസ്മരിക്കൽ,വീഡിയോ പ്രദർശനം. | ടീച്ചേർസ്,SRG,PTA |
| 06.08.2025<br>09.08.2025<br>15.08.2025<br>29.08.2025 | ഹിരോഷിമ ,<br>നാഗസാക്കി ദിനം<br>സ്വാതന്ത്ര്യ ദിനം<br>ഓണാഘോഷം | സഡാക്കോ കൊക്ക് നിർമ്മാണം, യുദ്ധ വിരുദ്ധ<br>പ്രതിജ്ഞ, പ്രസംഗം, വീഡിയോ പ്രദർശനം.<br>പോസ്റ്റർ നിർമ്മാണം<br>പതാക നിർമ്മാണം, സ്പെഷ്യൽ അസംബ്ലി,<br>പ്രസംഗം, ക്വിസ്, ദേശ ഭക്തി ഗാനം, , പോസ്റ്റർ<br>നിർമ്മാണം, സ്വാതന്ത്ര്യ സമര സേനാനികളുടെ<br>അനുകരണം, സ്കിറ്റ്<br>അത്തപ്പൂവിടൽ, ഓണക്കളികൾ,<br>ഓണ സദ്യ, ഓണപ്പതിപ്പ് | ടീച്ചേർസ്,SRG,PTA |
| 03.09.2025<br>16.09.2025 | അധ്യാപക ദിനം<br>ഓസോൺ ദിനം | ഡോ: രാധാകൃഷ്ണനെ അനുസ്മരിക്കുന്നു, അധ്യാപകരെ ആദരിക്കൽ<br>അന്തരീക്ഷത്തിലെ ഓസോൺ പാളിയെക്കുറിച്ചുള്ള<br>അവബോധം. ICTപ്രദർശനം | ടീച്ചേർസ്,SRG,PTA |

| | | | |
|---|---|---|---|
| 02.10.2025 | ഗാന്ധി ജയന്തി | സ്കൂളും പരിസരവും ശുചീകരണം, സ്പെഷ്യൽ അസംബ്ലി, ഗാന്ധി ചിത്രത്തിൽ പുഷ്പാർച്ചന,ക്വിസ്, മഹത്‌വചനങ്ങൾ എഴുതിയ പോസ്റ്റർ ഗാന്ധിദർശൻ പ്രവർത്തനങ്ങളുടെ നിർമ്മാണം വസ്തുക്കളുടെ പ്രദർശനം | ടീച്ചേർസ്,SRG,PTA |
| 01.11.2025<br><br>14.11.2025 | കേരളപ്പിറവി<br><br>ശിശുദിനം | സ്പെഷ്യൽ അസംബ്ലി, ക്വിസ്, പോസ്റ്റർ,പ്രസംഗം,കേരളവുമായി ബന്ധപെട്ട പാട്ടുകൾ അവതരണം,പതിപ്പ് നിർമ്മാണം.<br><br>ശിശുദിന റാലി, സ്പെഷ്യൽ അസംബ്ലി, നെഹ്റു തൊപ്പി നിർമ്മാണം, നെഹ്റു വേഷം അനുകരിക്കൽ, ക്വിസ് | ടീച്ചേർസ്,SRG,PTA |
| 03.12.2025<br><br>18.12.2025<br><br>19.12.2025 | ലോകഭിന്നശേഷി ദിനം<br><br>അറബിഭാഷ ദിനം<br><br>ക്രിസ്തുമസ് | ഭിന്നശേഷിക്കാരുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള സ്പെഷ്യൽ അസംബ്ലി.<br>അറബിക് വിഷയവുമായി ബന്ധപെട്ട് അസംബ്ലി.<br>ക്രിസ്തുമസ് സമ്മാനം, ക്രിസ്തുമസ് പാട്ടുകൾ, പുൽക്കൂട് നിർമ്മാണം, ക്രിസ്തുമസ് ട്രീ<br>ഒരുക്കൽ, സാന്റാക്ലോസ് വേഷങ്ങൾ, ക്രിസ്തുമസ് കാർഡ് നിർമ്മാണം | ടീച്ചേർസ്,SRG,PTA |
| 01.01.2026<br><br>26.01.2026<br><br>30.01.2026 | പുതുവർഷം<br><br>റിപ്പബ്ലിക് ദിനം<br><br>രക്തസാക്ഷി ദിനം | പുതുവർഷാഘോഷം<br><br>പതാക ഉയർത്തൽ ലഡു വിതരണം, പ്രസംഗം, ദേശഭക്തി ഗാനം<br><br>ഗാന്ധിജിയുടെ ഫോട്ടോയിൽ പുഷ്പാർച്ചന,പ്രതിജ്ഞ | ടീച്ചേർസ്,SRG,PTA |
| 28.02.2026 | ശാസ്ത്രദിനം | ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കൽ ഓരോ കുട്ടിയും ഓരോ പരീക്ഷണം അവതരിപ്പിക്കുന്നു. ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | ടീച്ചേർസ്,SRG,PTA |